**QP CODE**
**T5071**

**Enrollment Number: .................**

**Name: .....................................**

# MA DEGREE EXAMINATIONS, MAY 2024
## Third Semester
## M.A. Malayalam Language and Literature
## M21ML09DC- ഇന്ത്യൻ സാഹിത്യ സിദ്ധാന്തങ്ങൾ
## 2022 admissions

**Time: 3 Hours** **Max Marks: 70**

## SECTION A

ഏതെങ്കിലും അഞ്ച് ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക. രണ്ടു മാർക്ക് വീതം

1. കാവ്യത്തിന് മമ്മടൻ നൽകുന്ന നിർവചനമെഴുതി വ്യാഖ്യാനിക്കുക.
2. ഇന്ത്യൻ സാഹിത്യസിദ്ധാന്തത്തിൽ നാട്യശാസ്ത്രത്തിന്റെ പ്രാധാന്യമെന്ത്?
3. സംസ്കൃത നാടക ലക്ഷണം എഴുതുക.
4. ദ്രാവിഡ സൗന്ദര്യശാസ്ത്രത്തിന്റെ പ്രധാന പ്രത്യേകതകൾ എന്തെല്ലാം?
5. അതിശയോക്തി, വാസ്തവോക്തി അലങ്കാരങ്ങൾ വ്യത്യാസപ്പെടുന്നതെങ്ങനെ?
6. സ്ഥായിഭാവം എന്നാലെന്ത്? ഏതൊക്കെ?
7. സാഹിത്യത്തെക്കുറിച്ചുള്ള മഹാത്മാഗാന്ധിയുടെ സങ്കല്പം എന്തായിരുന്നു?
8. മാർഗി-ദേശി ഭേദങ്ങൾ എന്താണെന്നു വ്യക്തമാക്കുക.

**(2×5=10)**

## SECTION B

ഏതെങ്കിലും ആറു ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക. അഞ്ചു മാർക്ക് വീതം

9. പൗരസ്ത്യസാഹിത്യനിരൂപണം-കുറിപ്പെഴുതുക.
10. കാവ്യപ്രയോജനത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ ക്രോഡീകരിക്കുക.
11. തൊൽക്കാപ്പിയത്തിലെ പൊരുളതികാരത്തിന്റെ പ്രാധാന്യമെന്ത്?

12. ഉപമ, ഉൽപ്രേക്ഷ എന്നീ അലങ്കാരങ്ങളുടെ ലക്ഷണം ഉദാഹരണസഹിതം എഴുതുക.
13. "ലാളിച്ചുപെറ്റലതയമ്പോടുശൈശവത്തിൽ
പാലിച്ചുപല്ലവപുടങ്ങളിൽ വച്ചുനിന്നെ
ആലോലവായു ചെറുതൊട്ടിലുമാട്ടി, താരാ-
ട്ടാലാപമാർന്നുമലരേ ദലമർമ്മരങ്ങൾ" ഗണം തിരിച്ച്, ഗുരുലഘുക്കൾ അടയാളപ്പെടുത്തി വൃത്തമേതെന്നു നിർണയിക്കുക.
14. രസസൂത്രം എഴുതി വ്യാഖ്യാനിക്കുക.
15. സാധാരണീകരണപ്രക്രിയ എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?
16. രീതി എന്നാലെന്ത് ? എത്രവിധം?
17. വക്രോക്തിസിദ്ധാന്തം പരിചയപ്പെടുത്തുക.
18. അരബിന്ദോയുടെ കലാദർശനം ചുരുക്കി അവതരിപ്പിക്കുക.

**(5×6=30)**

## SECTION C

ഏതെങ്കിലും രണ്ടു ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക. പതിനഞ്ചു മാർക്ക് വീതം

19. ഐന്തിണ മുൻനിർത്തി തിണസങ്കല്പം വിവരിക്കുക.
20. പ്രധാന കിളിപ്പാട്ടു വൃത്തങ്ങൾ ഉദാഹരണസഹിതം പരിചയപ്പെടുത്തുക.
21. ധ്വനിസിദ്ധാന്തം എഴുതി ധ്വനിയുടെ വകഭേദങ്ങൾ ഏതൊക്കെയെന്നു വിശദീകരിക്കുക.
22. മലയാളത്തിലെ സ്ത്രീപക്ഷരചനകൾ അടിസ്ഥാനമാക്കി സ്ത്രീവാദത്തിന്റെ സവിശേഷതകൾ അപഗ്രഥിക്കുക.

**(2×15=30)**